**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5360</u>** **<u>12-08-2021 - ൽ മറുപടിയ്ക്ക്</u>**

**<u>വൈദ്യുതി ചാർജ്ജ് ഇനത്തിലെ കുടിശ്ശിക</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പിരിഞ്ഞു കിട്ടാൻ കുടിശ്ശികയായിട്ടുള്ളത് ഏതൊക്കെ വിഭാഗങ്ങളിൽ നിന്നാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് കുടിശ്ശിക അനുബന്ധമായി ചേർത്തിരിക്കുന്ന എല്ലാ വിഭാഗം ഉപഭോക്താക്കളിൽ നിന്നും പിരിഞ്ഞു കിട്ടാനുണ്ട്. |
| (ബി) | ഇതിൽ ഫ്ലാറ്റുകൾ ഉൾപ്പെടെയുള്ള ഗാർഹികേതര കണക്ഷനുകളിൽ നിന്നും ആകെ എന്ത് തുക കഴിഞ്ഞ സർക്കാർ പിരിച്ചെടുത്തിട്ടുണ്ട്; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി ലിമിറ്റഡിന് 30.09.2018 വരെ നല്കുവാനുള്ള തുക 1326.69 കോടി രൂപയായി നിജപ്പെടുത്തി 4 വാർഷിക തവണകളായി ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി നല്കുവാൻ സർക്കാർ ഉത്തരവാകുകയും ആയത് പ്രകാരം 2 ഗഡുക്കൾ പൂർണ്ണമായും 3-ാം ഗഡു ഭാഗികമായും ഇതിനോടകം കെ.എസ്.ഇ.ബി.എൽ - ന് ലഭ്യമായിട്ടുണ്ട്. 10/2018 മുതലുള്ള കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയായി ലോക്കൽ സെൽഫ് ഗവൺമെന്റിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളുടെ വെള്ളക്കര കുടിശ്ശിക തനതു ഫണ്ടിൽ നിന്നും പൊതു ആവശ്യ ഫണ്ടിൽ നിന്നും തിരിച്ച് പിടിച്ച് ജല അതോറിറ്റി മുഖേന 140.64 കോടി രൂപയും കെ.എസ്.ഇ.ബി.ലിമിറ്റഡിന് ലഭ്യമായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ആരോഗ്യ വകുപ്പിന്റെ സ്ഥാപനങ്ങളുടെ (LT വിഭാഗത്തിലുള്ള) 30.06.2018 വരെയുള്ള വൈദ്യുത ചാർജ്ജ് കുടിശ്ശികയായ 5.65 കോടി രൂപ സർക്കാർ ഉത്തരവു മുഖേന ലഭ്യമായിട്ടുണ്ട്. ഗാർഹികേതര വിഭാഗം ഫ്ലാറ്റുകളിൽ നിന്ന് പിരിച്ചെടുത്ത തുക സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എന്ത് തുക കുടിശ്ശികയായുണ്ടായിരുന്നു; പ്രസ്തുത തുക പൂർണ്ണമായി പിരിച്ചെടുക്കാനുള്ള സത്വരനടപടി സ്വീകരിക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ആകെ 2461.82 കോടി രൂപയാണ് (30.04.2021 ലെ കണക്കു പ്രകാരം) കുടിശ്ശികയായി ഉണ്ടായിരുന്നത്. എന്നാൽ കോവിഡ് 19 മഹാമാരിയോടനുബന്ധിച്ച് |

| | | | |
|---|---|---|---|
| | | | 25.03.2020 മുതൽ കേരളത്തിൽ നിലനിന്ന "സമ്പൂർണ്ണ അടച്ചിടലും" രാജ്യം മുഴുവനായും അഭിമുഖീകരിച്ച സാമ്പത്തിക തകർച്ചയും കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ കുടിശ്ശിക പിരിവിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും, വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശുപാർശ നൽകിയുമാണ് കെ.എസ്.ഇ.ബി ലിമിറ്റഡ് കുടിശ്ശിക തുക ഈടാക്കി വന്നിരുന്നത്. കാലാകാലങ്ങളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി കെ.എസ്.ഇ.ബി ലിമിറ്റഡ് രണ്ടു വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള കുടിശ്ശിക, കുറഞ്ഞ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽ നിന്നും ഈടാക്കുവാനും നടപടി സ്വീകരിച്ചിരുന്നു. എന്നാൽ കോവിഡ് മഹാമാരി മൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് കണക്കിലെടുത്ത് സർക്കാർ നിർദ്ദേശ പ്രകാരം നിലവിൽ വൈദ്യുതി കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുതി വിച്ഛേദിക്കുന്ന നടപടികൾ നിർത്തി വച്ചിട്ടുണ്ട്. തത്ഫലമായി കെ.എസ്.ഇ.ബി ലിമിറ്റഡിനു പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുകയിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കാൻ തവണകൾ അനുവദിച്ചും സെക്ഷൻ തലത്തിൽ ഉപഭോക്താക്കളോട് നേരിട്ട് ഫോൺ വഴി അഭ്യർത്ഥിച്ചും കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | |
|---|---|
| 1 | സംസ്ഥാന സർക്കാർ വകുപ്പുകൾ |
| 2 | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ |
| 3 | പൊതു സ്ഥാപനങ്ങൾ (സഹകരണ സ്ഥാപനങ്ങളും സ്വയംഭരണ സ്ഥാപനങ്ങളും) |
| 4 | തദ്ദേശ സ്ഥാപനങ്ങൾ |
| 5 | കേന്ദ്ര സർക്കാർ വകുപ്പുകൾ |
| 6 | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ |
| 7 | ഗാർഹികം |
| 8 | സ്വകാര്യ സ്ഥാപനങ്ങൾ |
| 9 | ക്യാപ്റ്റീവ് പവർ പ്ലാന്റ് |
| 10 | അന്തർ സംസ്ഥാനം |
| 11 | ലൈസൻസി |

സെക്ഷൻ ഓഫീസർ